# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3272 25.06.2012-ൽ മറുപടിക്ക്

### സ്വാതന്ത്ര്യസമര സേനാനികളുടെ വിധവകൾക്കും ആശ്രിതർക്കും പെൻഷൻ നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജുപോൾ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സ്വാതന്ത്ര്യസമര സേനാനികളുടെ വിധവകൾക്കും ആശ്രിതർക്കും പ്രതിമാസം ആയിരം രൂപയിൽ കൂടുതൽ വരുമാനമുണ്ടെങ്കിൽ പെൻഷൻ അർഹത ഇല്ലെന്ന ഉത്തരവ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയത് പിൻവലിക്കുമോ ; | (എ) സ്വാതന്ത്ര്യസമര സേനാനികളുടെ വിധവകൾക്ക് പ്രതിമാസം ആയിരം രൂപയിൽ കൂടുതൽ വരുമാനമുണ്ടെങ്കിൽ പെൻഷന് അർഹത ഇല്ല എന്ന ഉത്തരവ് നിലവിൽ ഇല്ല. എന്നാൽ സ്വാതന്ത്ര്യ സമര സേനാനികളുടെ മറ്റ് ആശ്രിതർക്ക് പ്രതിവർഷം 12,000/-രൂപയിൽ കൂടുതൽ വരുമാനമുണ്ടെങ്കിൽ പെൻഷന് അർഹത ഇല്ല എന്ന ഉത്തരവ് നിലവിലുണ്ട്. ഈ ഉത്തരവ് പിൻവലിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ബി) G.O.(P)No.355/2010/GAD dt.08.11.2010 നമ്പർ ഉത്തരവിലെ വിശദാംശം വ്യക്തമാക്കുമോ ; | (ബി) 1971-ൽ നിലവിൽ വന്ന കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടത്തിലെ ചട്ടം 10, 11 എന്നിവ ഭേദഗതി വരുത്തിക്കൊണ്ടുള്ളതാണ് പ്രസ്തുത ഉത്തരവ്.<br>ഭേദഗതി വരുത്തിയ ചട്ടം 10 പ്രകാരം, കേരള സ്വാതന്ത്ര്യ സമര സേനാനികളുടെ വിധവയ്ക്ക് അവരുടെ വരുമാനം കണക്കാക്കാതെ മരണം വരെയോ പുനർ വിവാഹം വരെയോ കേരള സ്വാതന്ത്ര്യ സമര സേനാനി **തുടർപെൻഷന്** അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ഒഴികെ മറ്റേതെങ്കിലും പെൻഷൻ കൈപ്പറ്റുന്ന വിധവകൾക്ക് കേരള സ്വാതന്ത്ര്യ സമര സേനാനി തുടർ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. (ഇതിനു ഉത്തരവ് തീയതി മുതൽ മാത്രമാണ് പ്രാബല്യം.) സ്വാതന്ത്ര്യ സമര സേനാനികളുടെ അവിവാഹിതരായ പെൺമക്കൾ/ പ്രായപൂർത്തിയാകാത്ത ആൺമക്കൾ എന്നിവരുടെ വാർഷിക വരുമാനം 12,000/-രൂപയിൽ താഴെയാണെങ്കിൽ അവർക്ക് |

| | |
|---|---|
| | തുടർ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.<br><br>ഭേദഗതി വരുത്തിയ **ചട്ടം 11 പ്രകാരം തുടർ പെൻഷൻ ലഭിക്കേണ്ടത്** സ്വാതന്ത്ര്യ സമര സേനാനിയ്ക്കാണെങ്കിൽ ചട്ടം 7 പ്രകാരം ആ ആളുടെ മരണം വരെ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനും തുടർ പെൻഷനും ലഭിക്കുന്നതാണ്. തുടർ പെൻഷൻ ലഭിക്കേണ്ടത് സ്വാതന്ത്ര്യ സമര സേനാനിയുടെ ഭാര്യയ്ക്ക് (വിധവയ്ക്ക്) ആണെങ്കിൽ, കേന്ദ്രപെൻഷൻ ഒഴികെ മറ്റ് പെൻഷനുകൾ ലഭിക്കുന്നില്ല എങ്കിൽ അവരുടെ മരണം/ പുനർ വിവാഹം വരെ തുടർ പെൻഷൻ ലഭിക്കുന്നതും, പ്രായപൂർത്തിയാകാത്ത മകനാണ് തുടർ പെൻഷൻ ലഭിക്കേണ്ടതെങ്കിൽ, 18 വയസ് പൂർത്തിയാകുമ്പോൾ/12000/- രൂപയിൽ കൂടുതൽ വാർഷിക വരുമാനം ലഭിക്കുമ്പോൾ തുടർ പെൻഷൻ നൽകുന്നത് അവസാനിക്കുന്നതാണ്. അവിവാഹിതയായ മകൾക്കാണ് തുടർ പെൻഷൻ ലഭിക്കേണ്ടതെങ്കിൽ, വിവാഹിതയാകുമ്പോൾ/ 12000/-രൂപയിൽ കൂടുതൽ വാർഷിക വരുമാനമാകുമ്പോൾ തുടർ പെൻഷൻ നൽകുന്നത് അവസാനിക്കുന്നതാണ്. |
| (സി) സ്വാതന്ത്ര്യസമര സേനാനികളുടെ വിധവകളും ആശ്രിതരും ചെയ്ത ത്യാഗം പരിഗണിച്ച് അവർക്ക് വരുമാനം നോക്കാതെ പെൻഷൻ നൽകാൻ തയ്യാറാകുമോ ? | (സി) സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കുന്നതിന്റെ ഭാഗമായാണ് അവർക്ക് പെൻഷൻ അനുവദിക്കുന്നത്. വിധവകൾക്ക് വരുമാനം നോക്കാതെ തുടർപെൻഷൻ നൽകുന്നുണ്ടെങ്കിലും കേന്ദ്രസർക്കാരിന്റെ സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അല്ലാതെ മറ്റേതെങ്കിലും പെൻഷൻ കൈപ്പറ്റി വരുന്ന വിധവകൾക്ക് തുടർപെൻഷൻ 08.11.2010 മുതൽ അനുവദിക്കുന്നതല്ല. വാർഷിക വരുമാനം 12,000/- രൂപയിൽ കൂടുതലുള്ള ആശ്രിതർക്കും തുടർ പെൻഷന് അർഹതയില്ല. |

**സെക്ഷൻ ഓഫീസർ**